**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് കുമാരി നിത്യ പി ചന്ദ്രന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ) നമ്പർ 2088/2016/തസ്വഭവ തിരുവനന്തപുരം, തീയതി 07/07/2016

---

പരാമർശം: 1) സ.ഉ(പി) നം. 515/2013/ധന തീയതി 11.10.2013
2) കുമാരി നിത്യ പി ചന്ദ്രന്റെ 04.12.2015 ലെ ശൂന്യവേതനാവധിയപേക്ഷ.
3) പഞ്ചായത്ത് ഡയറക്ടറുടെ 22.03.2016 ലെ ഇ 6-43619/15 നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് കുമാരി നിത്യ പി ചന്ദ്രന് ബി.ടെക് കോഴ്സ് പൂർത്തിയാക്കുന്നതിലേക്കായി 29.12.2015 മുതൽ 29.06.2018 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 2 പ്രകാരം സമർപ്പിച്ച അവധിയപേക്ഷ പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2. കുമാരി നിത്യ പി ചന്ദ്രൻ ആശ്രിത നിയമന പദ്ധതി പ്രകാരം 05.08.2013 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് ചേർത്തല എഞ്ചിനീയറിംഗ് കോളേജിൽ ബി.ടെക് കോഴ്സ് പൂർത്തിയാക്കുന്നതിലേക്കായി 29.12.2015 മുതൽ 29.06.2018 വരേക്കാണ് അപേക്ഷിച്ചിട്ടുള്ളത്. ചേർത്തല എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ നല്കിയ കോഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. ടിയാളുടെ പേരിൽ വിജിലൻസ് കേസോ വകുപ്പ് തല അച്ചടക്ക നടപടിയോ ഇല്ല എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് കുമാരി നിത്യ പി ചന്ദ്രന് ചേർത്തല എഞ്ചിനീയറിംഗ് കോളേജിൽ ബി.ടെക് കോഴ്സ് പൂർത്തിയാക്കുന്നതിലേക്ക് 29.12.2015 മുതൽ 29.06.2018 വരെ കെ എസ് ആർ ഭാഗം 1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്കു വിധേയമായും ഇപ്രകാരം ഉണ്ടാകുന്ന ഒഴിവ് പരാമർശം 1 ഉത്തരവ് പ്രകാരം താല്ക്കാലികമായി മാത്രം നിയമനം നടത്തേണ്ടതാണെന്ന വ്യവസ്ഥയിലും പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
കുമാരി നിത്യ പി ചന്ദ്രൻ, ക്ലാർക്ക്, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പിന് ( 27.05.2016 ലെ 229776/ആർബി2/16/ധന നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ ഐ.കെ.എം. ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ആഫീസ് പകർപ്പ് / കരുതൽ ഫയൽ( ഇപിഎ 1/167/16/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ